# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്സ്.എ.പി.കെ.ഡി.12/1443/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്സ്.എ.പി.കെ.ഡി.12/1443/22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബിജു ആന്റണി.യൂ, ഓഡിറ്റ് ഓഫീസർ,
ശ്രീ.എം.ശിവപ്രസാദ്, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.എ.മോഹനൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സുനിതാ ജോസഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. ഉമ്മർ കുന്നത്ത് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.എം.എസ്. രോഷ്നി | സെക്രട്ടറി | 01-04-2020 | 08-06-2020 |
| ശ്രീമതി. ഷീബ മോൾ കെ.എം. | സെക്രട്ടറി | 09-06-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അമീറുന്നീസ പിലാത്തോടൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| അരവിന്ദൻ.എം | അസി. സെക്രട്ടറി | 01-04-2020 | 17-06-2020 |
| സന്തോഷ് കുമാർ.എം. | അസി. സെക്രട്ടറി | 18-06-2020 | 31-03-2021 |
| ലതാകുമാരി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 09-11-2020 |
| കാർത്ത്യായനി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ഡോ.വിനീഷ് ബാബു | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ബിജു. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഡോ.ശോഭ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| നീതു ചന്ദ്രൻ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഗംഗാധരൻ.എം. | ഹെഡ് മാസ്റ്റർ | 01-04-2020 | 17-06-2020 |
| വിനോദിനി | ഹെഡ് മിസ്ട്രസ് | 18-06-2020 | 31-03-2021 |
| സ്മിതാ സുധാകർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അനീഷ് നാരായണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 29-04-2020 |
| ധന്യ.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-04-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി -<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Mohanan K.A (Auditor, On 17-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-8 |
| 9 | ആഭ്യന്തിര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 20-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 15-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-10 |
| 11 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല<br>Written By: Mohanan K.A (Auditor, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-11 |
| 12 | കാർഷിക സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം.<br>Written By: Mohanan K.A (Auditor, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-12 |
| 13 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-13 |
| 14 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-14 |
| 15 | ഗ്രാമന്യായാലയം കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-15 |
| 16 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-16 |
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്യൽ -പ്രൊക്യൂർമെന്റ് നടപടിക്രങ്ങൾ പാലിച്ചില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-17 |
| 18 | പാലിയേറ്റീവ് പരിചരണം- വാഹനത്തിന്റെ ക്വട്ടേഷൻ ഹാജരാക്കിയില്ല<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 25-06-2022) | 1-18 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ -ആർട്കോയിൽ നിന്നും വാങ്ങിയത് | 1-19 |

| | | |
|---|---|---|
| | പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ ലംഘനം<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 19-07-2022) | |
| 20 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി<br>Written By: Biju Antony (Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-20 |
| 21 | കുറഞ്ഞ ചെലവുകളുള്ള കുടിവെള്ള പദ്ധതികളിൽ അറ്റകുറ്റ പ്പണികൾ പഞ്ചായത്ത് ചെയ്യുന്നു.<br>Written By: Biju Antony (Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-21 |
| 22 | കുടിവെള്ള പദ്ധതിയിൽ പഴയ വാട്ടർ ടാങ്ക് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.<br>Written By: Biju Antony (Audit Officer, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-22 |
| 23 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: M.sivaprasad (Asst. Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-23 |
| 24 | കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-24 |
| 25 | മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-25 |
| 26 | കുടിവെള്ളം - പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് പഞ്ചായത്തിന് ബാധ്യത ആകാതെ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: M.sivaprasad (Asst. Audit Officer, On 26-06-2022)<br>Last Updated By: M.sivaprasad (Asst. Audit Officer, On 26-06-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Biju Antony (Audit Officer, On 18-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Biju Antony (Audit Officer, On 18-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Biju Antony (Audit Officer, On 18-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 25-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 20-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25-3-2020 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 17822812 |
| വരവ് | 186218500 |
| ആകെ | 204041312 |
| ചെലവ് | 184722119 |
| നീക്കിബാക്കി | 19319193 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2021 | 20-5-2022 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 35764832 |
| വരവ് | 76026941 |
| ആകെ | 111791773 |
| ചെലവ് | 97653478 |
| നീക്കിയിരിപ്പ് | 14138295 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14312950 | 14312950 | 13756444 | 556506 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9180706 | 9180706 | 9170428 | 10278 |
| വികസന ഫണ്ട്- ടി.എസ്. പി (ACR പ്രകാരം) | | 0 | 194000 | 194000 | 57000 | 137000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 7553000 | 7553000 | 7553000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4830641 | 4830641 | 3073328 | 1757313 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8645541 | 8645541 | 8626238 | 19303 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (പെർഫോമൻസ് ഗ്രാന്റ്) (ടൈഡ് ഗ്രാന്റ്) | | 0 | 6720000 | 6720000 | 2613374 | 4106626 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 405785 | 1099082 | 1504867 | 561775 | 943092 |
| | NREGS (അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ) | 365406 | 1831768 | 2197174 | 2182387 | 14787 |
| | TSC | 2903871 | 180000 | 3083871 | 3083871 | 0 |
| | BRGF | 3512 | 49 | 3561 | 0 | 3561 |

സംയുക്ത ഫണ്ടുകൾ

| ഫണ്ടിനം | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ബ്ലോക്ക് പഞ്ചായത്ത്) | 2603103 | 0 | 2603103 | 124600 | 2478503 |

| | | | | | |
|---|---|---|---|---|---|
| സംയുക്ത പ്രോജക്ടുകൾ (ജില്ലാ പഞ്ചായത്ത്) | 975419 | 0 | 975419 | 0 | 975419 |
| | 45250 | 645583 | 690833 | 645583 | 45250 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 303 | 120418873 | 263 | 61814666 | - | 40 | 86.7 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 4554500 | 3182714 | 69.8 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 6066900 | 5159215 | 85 |
| സെക്രട്ടറി | 42 | 25 | 16666806 | 6360821 | 38.1 |
| ഹെഡ്മാസ്റ്റർ | 8 | 5 | 3175000 | 2579243 | 81.2 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 194 | 181 | 32968952 | 28996900 | 87.9 |
| അസി. സെക്രട്ടറി | 3 | 2 | 819000 | 819000 | 100 |
| മെഡിക്കൽ ഓഫീസർ-CHC | 9 | 8 | 2384116 | 1453053 | 60.9 |
| വി.ഇ.ഓ | 20 | 17 | 46501799 | 8483130 | 18.2 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 6356800 | 3855590 | 60.6 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 425000 | 425000 | 100 |
| ആകെ | 303 | 263 | 120418873 | 61814666 | 51.3 |

## 1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 365406 | 1831768 | 2197174 | 2182387 | 14787 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 39981527 | 39981527 | 39981527 | |
| ആകെ | 365406 | 41813295 | 42178701 | 42163914 | 14787 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1440 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 14926600 | 4 |
| വിധവാപെൻഷൻ | 28678400 | 67 |
| വാർദ്ധക്യകാലപെൻഷൻ | 36846700 | 269 |
| വികലാംഗപെൻഷൻ | 8938900 | 7 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2536700 | 5 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 360000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2935/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തിര നിയന്ത്രണം

1) ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

2) കേസുകളുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്യൂട്ട് രജിസ്റ്റർ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉപേക്ഷ മൂലം കേസുകളിൽ പ്രതികൂല വിധിയുണ്ടായാൽ ആയതിന് സ്ഥാപന മേധാവിയും കാര്യനിർവ്വഹണ ഉദ്യോഗസ്ഥരും ഉത്തരവാദികളായിരിക്കുമെന്ന് 20.12.2016-ലെ സർക്കുലർ നം.1068103(3) ഡി.എ.2/2016/ത.സ്വ.ഭ.വ പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

3) സ്ഥാപനത്തിൽ പ്രോക്യൂർമെന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

4) ഡെപ്പോസിറ്റ് വർക്കുകളുടെ റജിസ്റ്ററിൽ വർക്കുകളുടെ വിവരം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയവയുടെ പൂർത്തീകരണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

5) മരാമത്ത് പ്രവൃത്തികളിൽ തൻവർഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് അയിച്ചിട്ടില്ല. ആയതിനാൽ കരാറുകൾ വെയ്ക്കുന്നതിലെ വ്യക്തത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6) എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാള്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്. ഉദാ: കൃഷി ഓഫീസർ ഉപയോഗിച്ച രസീതി ബുക്കുകളിൽ ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. കൂടാതെ വെറ്റിനറി സർജൻ ഉപയോഗിച്ച രസീതികളിലും ഡബ്ബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

7) 2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

8) മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-5-2022 | 2/2022മുതൽ 3/2022വരെ | 21-5-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-5-2011 മുതൽ 25-5-2011 വരെ | 2011-2012 | 4-7-2011 |

1-11 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | വി.ഇ.ഒ. | രണ്ടാം അർദ്ധവർഷം |
| 2 | ധന്യ. കെ. (സി.ഡി.എസ്. അക്കൗണ്ടന്റ്) | രണ്ടാം അർദ്ധവർഷം |
| 3 | ഗവ: വെറ്റിനറി ഹോസ്പിറ്റൽ, കരിമ്പുഴ (പ്രദീപ്.കെ.കെ., രാജേഷ്. പി.) | രണ്ടാം അർദ്ധവർഷം |

(ബി) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൻ പ്രകാരം പഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാർ, റേഷൻ കട നടത്തിപ്പുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി 2020-2021സാമ്പത്തിക വർഷത്തിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഈടാക്കേണ്ടതും, രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം : 2/14-06-2022 ന് നൽകിയ മറുപടി: ഓഡിറ്റ് അന്വേഷണത്തെതുടർന്ന്

(എ) ക്രമ നം: 1. രശീത് നമ്പർ 1200000017/31-03-2021, ക്രമ നം: 2. രശീത് നമ്പർ 1220101119/20-06-2022, ക്രമ നം: 3. രശീത് നം: 1120101105/20-06-2022, രശീത് നമ്പർ 1120101106/20-06-2022 പ്രകാരം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.

2. റേഷൻകട ജീവനക്കാരിൽ നിന്നും 2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്നും, കരാറുകാരിൽ നിന്നും റേഷൻ കടകളിൽ നിന്നും തുടർ വർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-12 കാർഷിക സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണം.

(എ) പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തിയതി 14-2-2018 പ്രകാരവും 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ താഴെ ചേർക്കുന്ന ഖണ്ഡികകൾ പ്രകാരവും തരിശുഭൂമിയിലെ കൃഷിക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഖണ്ഡിക 2.2.1 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. 2.2.3പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. 2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ താഴെചേർക്കുന്ന പദ്ധതികളിൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| പ്രൊജക്റ്റ്നം., പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|
| 299/20-21 തരിശുഭൂമി കൃഷി- പയർ വർഗ്ഗങ്ങൾ (New) | 30000 (വി. ഫ- ജനറൽ) | 16560 |
| 295/20-21തരിശ് ഭൂമി കൃഷി (New) നെല്ല് | 140000 (വി. ഫ- ജനറൽ) | 72960 |
| 296/20-21 തരിശ് ഭൂമി കൃഷി കിഴങ്ങു വർഗ്ഗങ്ങൾ (New) | 75000 (വി. ഫ- ജനറൽ) | 74040 |
| 297/20-21തരിശ് ഭൂമി കൃഷി - ഫല വർഗ്ഗവിളകൾ (New) | 80000 (വി. ഫ- ജനറൽ)<br>500 (തനത് | 80000<br>500 |

| | | |
|---|---|---|
| | ഫണ്ട് ) | |
| 298/20-21 തരിശ് ഭൂമി കൃഷി പച്ചക്കറികൃഷി (New) | 100000 (വി. ഫ-ജനറൽ) | 100000 |

(ബി) കൃഷി ഓഫീസർക്ക് ഗ്രോ ബാഗ് വിതരണവുമായി ബന്ധപ്പെട്ട് 10-02-2021 ന് നൽകിയ രശീത് ബുക്ക് 5331 ലെ രശീത് നമ്പർ 1 മുതൽ 100 വരെയും, 24-03-2022 ന് നൽകിയ രശീത് ബുക്ക് 5342 ലെ രശീതി നമ്പർ 1 മുതൽ 24 വരെയുമുള്ള രശീതുകളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. മാന്വൽ രശീതുകളിൽ KTC Vol I Article 90 (A) പ്രകാരം ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം : 3/14-06-2022 ന് നൽകിയ മറുപടിയിൽ

(എ) 1. സ്ഥലപരിശോധനയുടെയും, അന്വേഷണത്തിന്റേയും അടിസ്ഥാനത്തിൽ 3 വർഷത്തിൽ കൂടുതൽ തരിശായി കിടന്ന ഭൂമിക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ആയതിന്റെ രേഖകളും, സാക്ഷ്യപത്രവും ഓഡിറ്റ് വേളയിൽ പരിശോധനക്കായി ഹാജരാക്കുകയും, പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

2. രണ്ട് ഘട്ടങ്ങളിലായി നൽകേണ്ട ആനുകൂല്യം അറിവില്ലായ്മ കൊണ്ടും, സാങ്കേതിക കാരണങ്ങൾ കൊണ്ടും ഒറ്റതവണയായി നൽകിയതെന്നും ഇനി മുതൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(ബി) ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാത്തത് അറിവില്ലായ്മമൂലമാണെന്നും, ഇത്തവണത്തേക്ക് മാപ്പാക്കി ഓഡിറ്റ് തടസ്സവാദത്തിൽ നിന്നും ഒഴിവാക്കി തരണമെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് - പരമാവധി ആനുകൂല്യം നൽകിയിട്ടില്ല

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

പ്രൊജക്ട് പ്രകാരം ഏപ്രിൽ 2020 മുതൽ മാർച്ച് 2021 വരെ ക്ഷീരസംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അളന്ന ഓരോ ലിറ്റർ പാലിനും പരമാവധി 4 രൂപ തോതിൽ അനുവദിക്കാവുന്നതാണ്.

പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | | |
|---|---|---|---|---|---|
| | | | ഇനം | ബിൽ നം./ | തുക (₹) |
| 121/21 | ക്ഷീരകർഷകർക്ക് സംഘത്തിൽ അളക്കുന്ന പാലിന് ഇൻസന്റീവ് | ₹425000{300000- Plan Fund(GL), 125000- DP Share} | 300000- Plan Fund(GL) | 2/28-1-21 | 21423 |
| | | | | 3/28-1-21 | 25281 |
| | | | | 4/28-1-21 | 76260 |
| | | | | 5/28-1-21 | 84624 |
| | | | | 6/10.2.21 | 92412 |
| | | | 125000- DP Share | 7/11.2.21 | 22754 |
| | | | | 8/11.2.21 | 32502 |
| | | | | 9/11.2.21 | 35289 |
| | | | | 10/11.2.21 | 34455 |

നിർവഹണ ഉദ്യോഗസ്ഥൻ – ഡയറി ഫാം ഇൻസ്പെക്ടർ

സബ്സിഡി മാർഗ്ഗരേഖ {സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി.14.02.2018} പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം 3 രൂപ നിരക്കിൽ 3 (5/2020 മുതൽ 7/20 വരെ) മാസത്തേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2020ആഗസ്റ്റ് മുതൽ മാർച്ച് 2021 -8 മാസം) വരെയുള്ള പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല. കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കാത്തതിന് ഓഡിറ്റ് അന്വേഷണം (5/15.06.22) നൽകിയതിന് വരും വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തി പരമാവധി ധനസഹായം അനുവദിക്കത്തക്കവിധത്തിൽ പ്രൊജക്ട് രൂപീകരിക്കുന്നതാണെന്ന് അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

1. ക്ഷീരകർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേക്കോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രൊജക്ട് തയ്യാറാക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

2. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്ട് ആസൂത്രണം ചെയ്യുന്നതിനും പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ യഥാസമയം തുക കർഷകർക്ക് ലഭ്യമാക്കുന്നതിനും നിർവ്വഹണ

ഉദ്യോഗസ്ഥൻ ശ്രദ്ധചെലുത്തേണ്ടതാണ്.

1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന വിവിധ പദ്ധതികൾക്കു വേണ്ടി കൈമാറിയ തുകകളുടെ വിനിയോഗം/ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്,ശ്രീകൃഷ്ണപുരം (അക്കൗണ്ട് നമ്പർ-57047314794) | കരിമ്പനവരമ്പ് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ -495) | 135000 (Own Fund) | 133503 | 22000579/ 31.3.21 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ. ചെമ്പുക്കാവ് , തൃശ്ശൂർ | എം.സി.എഫ് കെട്ടിടത്തിലേക്ക് ഇലക്ട്രിഫിക്കേഷൻ | 250000 (Own Fund) | 219595 | 22000596/ 17.9.20 |
| കേരള ജല അതോറിറ്റി, PH ഡിവിഷൻ, ഷൊർണ്ണൂർ (അക്കൗണ്ട് നമ്പർ-67150213827 | കരിമ്പുഴ തെരുവ് തെക്കേവരിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നമ്പർ -240) | 133000 (Own Fund) | 133000 | 22000060/ 25.4.20 |
| | കിഴക്കേപുരക്കൽ കോളനി കുടിവെള്ള പദ്ധതി (പ്രൊജക്ട് നമ്പർ -222) | 150000 (Plan SCP) | 150000 | 1/21.4.20 |
| | പെരിയാലി- വടക്കംപാടം പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നമ്പർ -33) | 200000 (CFC) | 200000 | 15/30.10.20 |
| | കടപ്പാടം ഊത്താല റോഡ് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നമ്പർ -39) | 1500000 (CFC) | 1500000 | 16/30.10.20 |
| | വേട്ടക്കരൻകാവ് കോളനി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1500000 (CFC) | 1500000 | 14/30.10.20 |

പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ പരിശോധനക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/16.6.22) പദ്ധതി പൂർത്തിയാകുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

1-15 ഗ്രാമന്യായാലയം കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് ഗ്രാമന്യായാലയം കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം എന്ന പ്രൊജക്ട് സെക്രട്ടറി നടപ്പാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| 307/20 | 250000 (Own Fund) | 250000 (Own Fund) | 22000054/23.10.20 |

പ്രസ്തുത തുക ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-79901140000162) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/16.6.22) ലഭ്യമാകുന്ന മുറക്ക് ഹാജരാക്കാമെന്ന മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടികൾ

അറിയിക്കേണ്ടതാണ്.

1-16 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 13 | SSA വിഹിതം നൽകല് (SC) | 3,00,000 (Plan-SC) | 3,00,000 | 3/30.1.21 |
| 12 | SSA വിഹിതം നൽകല് (ജനറൽ) | 12,00,000 (Plan-Gen) | 12,00,000 | 2/30.1.21 |

മേൽ പദ്ധതികൾ പ്രകാരം ജില്ലാ പ്രൊജക്ട് ഓഫീസർ, എസ് എസ് എ, പാലക്കാട്-യുടെ അക്കൗണ്ടിലേക്ക് (0812101070730) 1500000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA-യുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.2.1(2),7.6.3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കോവിഡ് മൂലം വിദ്യാലയങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും എസ്.എസ്.എ ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ഇത്രയും തുക നൽകിയിട്ടുണ്ട്. സാക്ഷ്യപത്രം പ്രകാരം എസ്.എസ്.കെ യിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചതായി കാണിക്കുന്ന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആരോഗ്യം വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം 9/ 18.6.22) പ്രൊജക്ട് രൂപീകരണത്തിൽ ഇടപെടൽ നടത്തേണ്ടിയിരുന്ന വിവിധ ഘടകങ്ങളായ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവയ്ക്ക് എസ്.എസ്.എ പ്രൊജക്ടുകളെ കുറിച്ച് കൃത്യമായ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ തുക ചിലവഴിച്ച സ്കൂളുകൾ, ചിലവിന്റെ മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല. ഇത് കാരണം ജി.ഒ (എം.എസ്)11/2018/ത.സ്വ.ഭ.വ തി.29-01-2018 13.1 അനുസരിച്ചുള്ള മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകുക എന്ന പ്രക്രിയ ഇവിടെ സാധ്യമായിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ വിതരണം ചെയ്യൽ -പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പ്രൊജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ | തുക |
|---|---|---|---|---|
| 21 | 600000 (Plan-Scp) | 534963 | 5/29.3.21 | 179242 |
| | | | 6/29.3.21 | 235452 |
| | | | 7/29.3.21 | 45274 |
| | | | 8/31.3.21 | 74995 |

നിർവ്വഹണ രീതി

റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ / ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് - അക്രഡിറ്റഡ് ഏജൻസി -കാഡ്കോയിൽ നിന്ന് വാങ്ങുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതി നിർവ്വഹണം

കാഡ്കോ, കലൂർ P.O., എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വിവിധ സ്കൂളുകളിലേക്കാവശ്യമായ മേശയും കസേരയും ടെണ്ടർ കൂടാതെയാണ് വാങ്ങിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | വാങ്ങിയ കസേരകളുടെ എണ്ണം | വാങ്ങിയ മേശകളുടെ എണ്ണം | ആകെ തുക |
|---|---|---|---|
| KADCO/CRO/20-21/455/25.3.21 | | 50 | 179242 |

| | | | |
|---|---|---|---|
| KADCO/CRO/20-21 /432/23.3.21 | 60 | 42 | 235452 |
| KADCO/CRO/20-21 /397/19.3.21 | 32 | | 45274 |
| KADCO/CRO/20-21 /457/25.3.21 | 15 | 15 | 74995 |

16.2.21 ലെ തീരുമാനം നം. 2/5 പ്രകാരം HM നിർവ്വഹണം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഫർണ്ണിച്ചർ നൽകൽ എന്ന പദ്ധതിക്ക് ഫർണ്ണിച്ചർ അംഗീകൃത ഏജൻസിയായ KADCo യിൽ നിന്നും വാങ്ങി വിതരണം നടത്തുന്നതിന് യോഗം തീരുമാനിച്ചു.

പ്രസ്തുത പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010 /ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

3)സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ, തിയതി 14.02.2018 യിലെ ഖണ്ഡിക 7.2.7 പ്രകാരം ഫർണ്ണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ആയത് പാലിച്ചിട്ടില്ല.മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/18.6.22) ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-18 പാലിയേറ്റീവ് പരിചരണം- വാഹനത്തിന്റെ ക്വട്ടേഷൻ ഹാജരാക്കിയില്ല

സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുതുക്കിയ മാർഗ്ഗരേഖ 2.6.5 IX (3) പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനുള്ള വാഹനത്തിന് വേണ്ടി ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകക്ക് എടുക്കേണ്ടത്.ക്വട്ടേഷൻ പി.എം.സി അംഗീകരിക്കേണ്ടതാണ്. ഒരിക്കൽ അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുമ്പ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി. യുടെ അംഗീകാരം വാങ്ങേണ്ടതാണ്.

പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുപയോഗിക്കുന്ന വാഹനത്തിന്റെ 2018-19 ലെ ക്വട്ടേഷനാണ് ഹാജരാക്കിയത്.ആയത് പ്രകാരം കുറവ് ക്വട്ടേഷൻ നൽകിയത് ശ്രീ.രാധാകൃഷ്ണൻ.എം, മേലേതിൽ വീട്, ആറ്റാശ്ശേരി എന്നവർക്കാണ്. 2019-20,2020-21 ൽ ശ്രീ.രാധാകൃഷ്ണൻ.എം എന്നവർക്ക് തന്നെയാണ് വാഹനത്തിന്റെ വാടക ഇനത്തിൽ തുക നൽകിയിട്ടുള്ളത്. 2019-20,2020-21 വർഷങ്ങളിലെ വാഹനത്തിന്റെ ക്വട്ടേഷൻ സംബന്ധമായ ഫയൽ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/18.6.22) നൽകിയെങ്കിലും ഹാജരാക്കിയില്ല.പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

### 1-19 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ -ആർട്കോയിൽ നിന്നും വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗ്ഗരേഖാ ലംഘനം

വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് ICDS സൂപ്പർവൈസ്ര നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 190 | വൃദ്ധർക്ക് | 626400 | 622500 | 3/24.7.20 |

| | | | | |
|---|---|---|---|---|
| | കട്ടിൽ | (Plan-Gen) | (Plan-Gen) | |

വാങ്ങിയ കട്ടിലുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ | വാങ്ങിയ കട്ടിലുകളുടെ എണ്ണം | ആകെ തുക |
|---|---|---|
| 45/25.6.20 | 75 | 311250 |
| 46/25.6.20 | 75 | 311250 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010 /ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട് എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികരിച്ചിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്ത നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്.

2) സർക്കാർ ഉത്തരവ് GO(P) 7/2019/SPD/26.4.2019 പ്രകാരം 25000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന നിർബന്ധമായും വാങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല.

3) പ്രസ്തുത സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ (198x90 CM, Back Leg-50 CM,8 MM Plywood Top With Polish) Artco യുടെ പ്രൈസ് ലിസ്റ്റിൽ (G.O) RT No.4/2018/SPD Dt 2.2.18) ഇല്ലാത്തതുമാണ്.
മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (14/18.6.22) മറുപടിയൊന്നും സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 622500 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാന്വലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(12/11/2018ലെ 4/1തീരുമാനപ്രകാരം ഭരണസമിതി താഴെസൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളുടെ പൂർത്തീകരണ സമയം ദീർഘിപ്പിച്ച നൽകിയെങ്കിലും പിഴ ഒഴിവാക്കുന്നതിന് തീരുമാനം എടുത്തിട്ടില്ല.)

1) പ്രോജക്ടിന്റെ നം. , പേര് : SO242/21 - കരിമ്പുഴ ഹെൽത്ത് സെന്റർ നവീകരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 371192, 19/16-5-2021 |
| കരാർ നം., അളവു പുസ്തകം: | 121/AE/LSGD/KGP/18-19, 14-1-2019,<br>MB No.221/18-19 |

| | |
|---|---|
| പി.എ.സി. | 493633 |
| കരാറുകാരൻ: | ഇ.കെ. അബ്ദുൾ സലാം |
| സ്ഥലം കൈമാറിയ തീയ്യതി. | 14-1-2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 13-6-2020 |
| പൂർത്തീകരിച്ച തീയ്യതി: | 11-7-2020 |
| ഈടാക്കേണ്ട പിഴ (1%) | 4936 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 4936 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് പിഴ ഇനത്തിൽ കുറവ് സംഭവിച്ച തുക രസീതി നം. 1220101121/20-6-2022 പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്.

1-21 കുറഞ്ഞ ചെലവുകളുള്ള കുടിവെള്ള പദ്ധതികളിൽ അറ്റകുറ്റ പ്പണികൾ പഞ്ചായത്ത് ചെയ്യുന്നു.

താഴെസൂചിപ്പിച്ചിട്ടുള്ള പ്രവൃത്തിയിൽ കുറഞ്ഞ ചെലവുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തിരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ നം. , പേര് : | SO 479/21- കുറുവൻകുന്ന് കുടിവെള്ള പദ്ധതി. |
| അടങ്കൽ , ഫണ്ടിനം | 25000, ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ്: , ബിൽ നം. , തീയ്യതി | 25000, 53/29-3-2021 |
| കരാർ നം., അളവു പുസ്തകം: | 114/AE/LSGD/KGP/20-21, 26-2-2021<br>MB No.323/20-21 |
| കരാറുകാരൻ: | ചിന്നക്കുട്ടൻ |

സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018 ഖണ്ഡിക 6.6.3പ്രകാരം കുടിവെള്ള പദ്ധതിയുടെ തുടർപരിപാലനം ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കണമെന്നും അറ്റകുറ്റപ്പണികൾ ഗുണഭോക്തൃസമിതി നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50000രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ടി നിബന്ധനകൾ പാലിച്ചിട്ടില്ല. അടങ്കൽ , ചെലവ് എന്നിവ 25000രൂ. മാത്രമാണ് നടത്തിയിട്ടുള്ളത്. കൂടാതെ ടി പദ്ധതിയുടെ പരിപാലനം ഗുണഭോക്തൃസമിതിയാണ് നടത്തുന്നത് എന്നിരിക്കിലും സമിതിയുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അറിവില്ലായ്മ കൊണ്ട് സംഭവിച്ചതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 കുടിവെള്ള പദ്ധതിയിൽ പഴയ വാട്ടർ ടാങ്ക് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

താഴെ സൂചിപ്പിക്കുന്ന കുടിവെള്ള പദ്ധതിയിൽ പഴയ വാട്ടർ ടാങ്ക് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്തിട്ടില്ല.

പ്രോജക്ടിന്റെ നം. , പേര് : SO 220/21- കുന്നക്കാട് അംഗൻവാടി കുടിവെള്ളപദ്ധതി.

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | 56812, 1/27-4-2020<br>75412, 22/29-4-2020 |
| കരാർ നം., അളവു പുസ്തകം: | 93/AE/LSGD/KGP/19-20, 27-11-2019,<br>MB No. 249/19-20 |
| കരാറുകാരൻ: | സെഹീർ.ടി |

ടി പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന ടാങ്ക് മാറ്റിസ്ഥാപിക്കുന്നതിനും അനുബന്ധപ്രവൃത്തികൾക്കും ആണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തിചെയ്തിരിക്കുന്നത്. എന്നാൽ നിലവിലുണ്ടായിരുന്ന ടാങ്ക് ഗ്രാമപഞ്ചായത്തിലേക്ക് കൈമാറിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കുടിവെള്ള പദ്ധതിയിൽ ഉപയോഗ ശൂന്യമായ ടാങ്ക് പഞ്ചായത്തിലേക്ക് കൈമാറണമെന്ന വ്യക്തത ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും ആയതിന്റെ സ്ക്രാപ്പ് വാല്യൂ കണക്കാക്കി 500രൂ. പഞ്ചായത്തിലേക്ക് കരാറുകാരൻ അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

മറുപടി അംഗീകരിക്കുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി

എന്ന പേരിൽ താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | പൂരക പോഷകാഹാരം(sc) | 300000 (Plan-SC-) | 299940 (Plan-SC) |
| | 11 | അംഗൻവാടി പോഷകാഹാരം (ജനറൽ) | 2550000(Plan-Gen- 1700000, Central-850000) | 2261775(Plan-Gen-1700000, Central-561775) |

പ്രോജക്ട് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, വിയ്യകുർശ്ശി എന്ന കുടുംബശ്രീ യൂണിറ്റിന് വിവിധ ബില്ലുകളിലായി തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

അക്കൗണ്ട് നമ്പർ- 37223648558 -GST IN- 32AAOFN2057J1Z6

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1), എസ്.ജി.എസ്.ടി ആക്ട് 2017 ലെ വകുപ്പ് 51(1) എന്നിവ പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനത്തിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ), എസ്.സി.പി, എന്നീ പ്രോജക്ടുകൾ പ്രകാരം നക്ഷത്ര കുടുംബശ്രീ യൂണിറ്റ്, വിയ്യകുർശ്ശി എന്ന കുടുംബശ്രീ യൂണിറ്റിന് എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കാതിരുന്നതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/18-6-22) ഈടാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ സ്രോതസിൽനിന്നും നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-24 കണക്ടിവിറ്റി പ്ലാൻ നടപ്പിലാക്കിയില്ല; വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് സമഗ്രമല്ലാത്ത പ്രവൃത്തികൾ ഏറ്റെടുക്കുന്നു

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുംതങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ജില്ലാ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി പ്ലാൻ, റോഡ് കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതീയാണ് ഗ്രാമപഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

1-25 മരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട പല രേഖകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

സ.ഉ (എം.എസ്) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ,സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്), എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| | SO- 220/21- കുന്നക്കാട് അംഗൻവാടി കുടിവെള്ളപദ്ധതി | ഇല്ല | ഇല്ല | ഇല്ല | N .A | ഇല്ല |
| | SO 242/21 - കരിമ്പുഴ ഹെൽത്ത് സെന്റർ നവീകരണം | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി, സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-26 കുടിവെള്ളം - പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് പഞ്ചായത്തിന് ബാധ്യത ആകാതെ നടപടികൾ സ്വീകരിക്കേണ്ടതാണ്

104 ടാപ്പുകൾക്ക് പ്രതിവർഷം 5250/- രൂപ നിരക്കിൽ പ്രതിമാസം 45500/- രൂപ വീതമാണ് കുടിവെള്ള പൊതുടാപ്പുകളുടെ വാട്ടർചാർജ് ഒടുക്കുന്നതിനായി പഞ്ചായത്ത് ചെലവഴിച്ചുവരുന്നത്. ഓരോ പ്രദേശത്തും ഉള്ള ടാപ്പുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. നിലവിലില്ലാത്ത ടാപ്പുകളുടേയും വെള്ളം ലഭിക്കാത്ത ടാപ്പുകളുടേയും കണക്ക് സൂക്ഷിക്കാത്തതിനാൽ വെള്ളക്കരം ഒടുക്ക് കൃത്യമാണോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. ഈ ഇനത്തിൽ ഭീമമായ ചെലവ് തുടരുമ്പോഴും പ്രവർത്തിക്കുന്ന പൊതുടാപ്പുകൾ എത്രയുണ്ടെന്ന് തിട്ടപ്പെടുത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനോ വാട്ടർ ചാർജ് അതനുസരിച്ച് കുറവ് ചെയ്യുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷൻ നൽകുന്നതിന് പദ്ധതികൾ ഏറ്റെടുക്കുന്നതിനോ നാളിതുവരെയായിട്ടും നടപടികൾ സ്വീകരിച്ചിട്ടില്ല.
ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

1.പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി പദ്ധതി മാർഗ്ഗരേഖ ജി.ഒ (കൈ)നം.11/2018/തസ്വഭവ തിയതി 29-1-2018, സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018 /തസ്വഭവ തിയതി 14.02.2018 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.

2.ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3.ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 10.06.2022 മുതൽ 20.06.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | 2019-20 വർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2603103 | 270000 | ലൈഫ് ഭവനം(എസി.സി.പി) | 394600 | 2478503 |
| ആകെ | 2603103 | 270000 | | 394600 | 2478503 |
| ജില്ലാ പഞ്ചായത്ത് | 975419 | 0 | ലൈഫ് ഭവനം | 0 | 975419 |
| | 45250 | 179599 | പാലിന് സബ്സിഡി | 179599 | 45250 |
| | 0 | 465984 | നെൽകൃഷി വികസനം | 465984 | 0 |
| ആകെ | 1020669 | 645583 | | 645583 | 1020669 |

### 4-3 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്,ശ്രീകൃഷ്ണപുരം (അക്കൗണ്ട് നമ്പർ- 57047314794) | കരിമ്പനവരമ്പ് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (പ്രൊജക്ട് നമ്പർ -495) | 135000 (Own Fund) | 133503 | 22000579/ 31.3.21 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD ഇലക്ട്രിക്കൽ ഡിവിഷൻ. ചെമ്പുക്കാവ് , തൃശ്ശൂർ | എം.സി.എഫ് കെട്ടിടത്തിലേക്ക് ഇലക്ട്രിഫിക്കേഷൻ | 250000 (Own Fund) | 219595 | 22000596/ 17.9.20 |
| കേരള ജല അതോറിറ്റി, PH ഡിവിഷൻ, ഷൊർണ്ണൂർ (അക്കൗണ്ട് നമ്പർ- 67150213827 | കരിമ്പുഴ തെരുവ് തെക്കേവരിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നമ്പർ -240) | 133000 (Own Fund) | 133000 | 22000060/ 25.4.20 |
| | കിഴക്കേപുരക്കൽ കോളനി കടിവെള്ള പദ്ധതി (പ്രൊജക്ട് നമ്പർ -222) | 150000 (Plan SCP) | 150000 | 1/21.4.20 |
| | പെരിയാലി- വടക്കുംപാടം പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് നമ്പർ -33) | 200000 (CFC) | 200000 | 15/30.10.20 |
| | കടപ്പാടം ഊത്താല റോഡ് പൈപ്പ് ലൈൻ നീട്ടൽ (പ്രൊജക്ട് | 1500000 (CFC) | 1500000 | 16/30.10.20 |

| | | | |
|---|---|---|---|
| നമ്പർ -39) | | | |
| വേട്ടക്കരൻകാവ് കോളനി കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1500000 (CFC) | 1500000 | 14/30.10.20 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നമില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. മുൻബാക്കി 940000 രൂപയിൽ 860000 രൂപ വിനിയോഗിച്ചിട്ടുണ്ട്. 80000രൂ. ബാക്കി നിൽക്കുന്നുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O(MS) 68/2018 /18-5-18 | - | 19600000 | 1653294 | - | 17946706 |

4-6 സ്ഥിര നിക്ഷേപം

ഒന്നമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നമില്ല .

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 35764832 |
| ഓഡിറ്റ് വർഷത്തെ വരവ് | 76026941 |
| ആകെ | 111791773 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 97653478 |
| നീക്കിയിരിപ്പ് | 14138295 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 622500 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 622500 | ലതാകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ. | 622500 | |

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലതാകുമാരി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | - | കീഴവീട്ടിൽ , കുമരംപുത്തൂർ പി.ഓ. മണ്ണാർക്കാട്, പാലക്കാട് ജില്ല. 678583 |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്. പി.12/140/18-3-14 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്. പി.8/424(a)/25/12/08 | ടി |
| 1998-1999 | എൽ.എഫ്. പി.8/849/08/2-6-10 | ടി |
| 1999-2000 | എൽ.എഫ്. പി.8/849(b)/08/2-12-09 | ടി |
| 2000-2001 | എൽ.എഫ്. പി.8/1477/08/17-4-09 | ടി |
| 2001-2002 | എൽ.എഫ്. പി.8/849/09/17-11-09 | ടി |
| 2002-2003 | എൽ.എഫ്. പി.12/1993/11/16-3-11 | ടി |
| 2003-2004 | എൽ.എഫ്. പി.12/1990/11/16-3-11 | ടി |
| 2004-2005 | എൽ.എഫ്. പി.12/1991/11/15-3-12 | ടി |
| 2005-2006 | എൽ.എഫ്.പി.12/1267(1)/12/20-9-12 | ടി |
| 2006-2007 | എൽ.എഫ്. പി.12/1267(2)12/20-9-12 | ടി |
| 2007-2008 | എൽ.എഫ്. പി.12/1267(3)12/20-9-12 | ടി |
| 2008-2009 | എൽ.എഫ്. പി.12/1267(4)12/20-9-12 | ടി |
| 2009-2010 2010-2011 | എൽ.എഫ്. പി.12/1414/13/6-12-13 | ടി |
| 2011-2012 | എൽ.എഫ്. പി.12/1022/14/16-7-14 | ടി |

| | | |
|---|---|---|
| 2012-13 | നം.എൽ.എഫ്.പി. 12- 340/15 /9.04.15 | റിപ്പോർട്ട് |
| 2013-14 & 2014-15 | കെ.എസ്സ്.എ.പി.കെ.ഡി.14/1179 /2016, തിയതി.1/8/2016 | ” |
| 2015-16 | കെ.എസ്സ്.എ.പി.കെ.ഡി.14/ /2016, തിയതി. / /2016 | ടി |
| 2016-17 | കെ.എസ്സ്.എ.പി.കെ.ഡി.12/1873/2017 തിയ്യതി.20.10.17 | ടി |
| 2017-18 | കെ.എസ്സ്.എ.പി.കെ.ഡി.12/2397/18 തിയ്യതി.12.2.19 | ടി |
| 2018-19 | കെ.എസ്സ്.എ.പി.കെ.ഡി.12/ 407/20 തിയ്യതി.4.6.2020 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ്സ്.എ.പി.കെ.ഡി.12/ 1442/22 തിയ്യതി.22.07.2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Karimpuzha Grama Panchayat | | | |
|---|---|---|---|
| Balance Sheet as on 31-03-2021 | | | |
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 310000000 | Panchayat (General) Fund | B-1 | 18,045,556.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 78,565,849.00 |
| 320000000 | Grants, Funds and Contributions for specific purposes | B-4 | 10,724,859.00 |
| 330000000 | Secured Loans | B-5 | 17,946,706.00 |
| 331000000 | Unsecured Loans | B-6 | 0.00 |
| 340000000 | Deposits Received | B-7 | 237,126.00 |
| 341000000 | Deposit works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 1,518,453.00 |
| 360000000 | Provisions | B-10 | 0.00 |
| | Total : | | 127,038,549.00 |
| 410000000 | Fixed Assets | B-11 | 824,521.00 |
| 412000000 | Capital Work-in-Progress | B-11(b) | 743,464.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 0.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 18,190,614.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 82,076,219.00 |
| 416000000 | Accumulated Depreciation | B-11(a) | -31,917,095.00 |
| 420000000 | Investment -General Fund | B-12 | 0.00 |
| 421000000 | Sundry Debtors # | B-13 | 0.00 |
| 430000000 | Stock in Hand (Inventories) | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 23,454,964.00 |
| 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | 0.00 |
| 440000000 | Pre-paid Expenses | B-16 | 16,866,706.00 |
| 450000000 | Cash and Bank Balance | B-17 | 14,138,295.00 |
| 460000000 | Loans, advances and deposits | B-18 | 2,660,861.00 |
| 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | 0.00 |
| 470000000 | Other Assets | B-19 | 0.00 |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.00 |
| | Total : | | 127,038,549.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Karimpuzha Grama Panchayat | | | |
|---|---|---|---|
| Income & Expenditure Statement<br>For the period from 01-04-2020 to 31-03-2021 | | | |
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| 110000000 | Tax Revenue | I-1 | 5,267,163.00 |
| 120000000 | Assigned Revenue & Compensation | I-2 | 0.00 |
| 130000000 | Rental Income from Panchayat Properties | I-3 | 0.00 |
| 140000000 | Fees & User Charges | I-4 | 1,187,622.00 |
| 150000000 | Sales & Hire Charges | I-5 | 221,891.00 |
| 160000000 | Revenue Grants, Contributions & Compensation | I-6 | 156,729,724.00 |
| 170000000 | Income from Investments | I-7 | 0.00 |
| 171000000 | Interest Earned | I-8 | 192,285.00 |
| 180000000 | Other Income | I-9 | 7,020.00 |
| A | Total - INCOME | | 163,605,705.00 |
| 210000000 | Establishment Expenses | I-10 | 9,298,954.00 |
| 220000000 | Administrative Expenses | I-11 | 1,909,335.00 |
| 230000000 | Operations & Maintenance | I-12 | 2,744,120.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 328.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 7,486,515.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(A) | 25,896,673.00 |
| 252000000 | Decentralised Plan Programme – Infrastructure Sector | I-14(B) | 19,871,396.00 |
| 253000000 | Decentralised Plan Programme – Projects not included in Sector Division | I-14(C) | 0.00 |
| 254000000 | Expenditure of Transferred Institutions and State<br><br>Sponsored Schemes | I-14(D) | 92,981,323.00 |
| 255000000 | Maintenance Projects | I-14(E) | 0.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2,232,307.00 |
| 260000000 | Grants, Contributions and Compensations from Own<br><br>Fund | I-15 | |
| 270000000 | Provisions & Write off | I-16 | 0.00 |
| 271000000 | Miscellaneous Expenses on Disposal of Assets andInvenstments | I-17 | 0.00 |
| 272000000 | Depreciation | I-17(A) | 7,899,272.00 |
| 190000000 | Prior Period Income | I-19 | -253,189.00 |
| B | B - Total : EXPENDITURE | | 170,320,223.00 |
| C = A-B | Gross Surplus / (deficit) of income over expenditure before Prior Period Items. | | (6,714,518.00) |
| D=190000000 | Prior Period Income | I-19 | -270,022.00 |
| E = C-D | Gross Surplus / (deficit) of income over expenditure after Prior Period Items. | | 6,444,496.00 |
| 290000000 | Transfer to Reverse Funds | | |
| Code No | Description of items | Schedule No. | Current Year Amount (Rs.) |
| | Net Balance being surplus / deficit carried over to<br><br>Balance sheet (Panchayat Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ

| Karimpuzha Grama Panchayat | | | |
|---|---|---|---|
| Receipt and Payment Report For the period from 01-04-2020 to 31-03-2021 | | | |
| Code | Head Account | Schedule No. | Current Year Amount (Rs.) |
| Opening<br><br>Balance | | | |
| 450000000 | Cash and Bank balance | RP-40(a) | 35,764,832.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 886,230.00 |
| 140000000 | Fees & User Charges | RP-4 | 896,542.00 |
| 150000000 | Sale & Hire Charges | RP-5 | 221,891.00 |
| 160000000 | Revenue Grants, Funds, Contributions &<br><br>Compensations | RP-7 | 60,276,867.00 |
| 171000000 | Interest Earned | RP-9 | 192,285.00 |
| 190000000 | Prior Period Income | RP-11 | 500.00 |
| 220000000 | Administrative Expenses | RP-13 | 453.00 |
| 320000000 | Grants, Funds & Contributions for Specific<br><br>Purposes | RP-30 | 9,481,984.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3,644,008.00 |
| Non-Operating | | | |
| 180000000 | Other Income | RP-10 | 7,020.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 130,124.00 |
| 350000000 | Other Liabilities | RP-35 | 289,037.00 |
| | Total : | | 111,791,773.00 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-12 | 1,524,935.00 |
| 220000000 | Administrative Expenses | RP-13 | 761,130.00 |
| 230000000 | Operations & Maintenance | RP-14 | 1,595,623.00 |
| 240000000 | Interest & Finance Charges | RP-15 | 89.00 |
| 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 8,222,313.00 |
| 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 18,000,089.00 |
| 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 13,882,565.00 |
| 254000000 | State Sponsored Schemes | RP-19 | 181,440.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-20 | 258,869.00 |
| 412000000 | Capital Work In Progress | RP-39 | 1,775,079.00 |
| 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 778,042.00 |
| For the period from 01-04-2020 to 31-03-2021 | | For the period from 01-04-2020 to 31-03-2021 | |
| Code | Head Account | Schedule No. | Current Year Amount (Rs.) |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 5,243,460.00 |
| 460000000 | Loans, Advances and Deposits | RP-49 | 1,147,518.00 |
| 470000000 | Other Assets | RP-50 | 309,430.00 |
| Non-Operating | | | |
| 340000000 | Deposits Received | RP-33 | 68,498.00 |
| 350000000 | Other Liabilities | RP-35 | 43,904,398.00 |
| Closing Balance | | | Closing Balance |
| 450000000 | Cash and Bank balance | RP-40(b) | 14,138,295.00 |
| | Total : | | 111,791,773.00 |

ഡെപ്യൂട്ടി ഡയറക്ടർ